വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): പ്രൈവറ്റ് സെക്കൻഡറി സ്കൂൾ അദ്ധ്യാപകന്മാരുടെ അവശതാപരിഹാരത്തിനായി ഗവൺമെണ്ടു സ്വീകരിച്ചിട്ടുള്ള തീരുമാനങ്ങൾ അടങ്ങിയ പ്രസ്നോട്ടിന്റെ ഒരു പ്രതി മേശപ്പുറത്തു വയ്ക്കുന്നു. ആ തീരുമാനങ്ങൾ തിരുവിതാംകൂർ വിഭാഗത്തിൽ 1-8-60 സെപ്തംബർമാസം മുതലും, കൊച്ചി വിഭാഗത്തിൽ 1-8-60 ഒക്ടോബർ മാസം മുതലുമുള്ള ശമ്പളത്തോടുകൂടിയും നടപ്പിൽ വന്നിട്ടുള്ളതാകുന്നു.

മന്ത്രരോഗനിവാരണം

*വ്യവ. (നം. 8) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

അത്യധികം വർദ്ധിച്ചു വന്നുകൊണ്ടിരിക്കുന്ന മന്ത്രരോഗത്തിനു് എന്തെങ്കിലും നിവാരണമാർഗ്ഗം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്താണെന്നും പ്രയോഗിച്ചു നോക്കിയിട്ടുണ്ടോ എന്നും പറയുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ). ഉണ്ടു്. ചേർത്തലയിൽ "മുട്ടപ്പായലിൽ" വിരിഞ്ഞുണ്ടാകുന്ന ഒരുതരം കൊതുകുകളിൽനിന്നാണു് മന്ത്രരോഗം വ്യാപിക്കുന്നതു്. അതുകൊണ്ടു് ഈ പായൽ പതിവായി വാരിമാറ്റിക്കൊണ്ടിരിക്കുന്നുണ്ടു്. മന്ത്രരോഗം വ്യാപിപ്പിക്കുന്ന മറ്റുതരം കൊതുകുകളെ നശിപ്പിക്കുന്നതിനു് ഡി. ഡി. റ്റി. പ്രയോഗം മുതലായവയും ചെയ്യുന്നുണ്ടു്.

ഇതിനുംപുറമേ അമേരിക്കയിൽ ഹെട്രസൻ (Hetrazan) എന്ന പേരായി ഒരു മരുന്നു കണ്ടുപിടിച്ചിട്ടുണ്ടു്; അതിന്റെ ഫലപ്രാപ്തിയെപ്പറ്റി അനുകൂലമായ റിപ്പോർട്ടുകളാണു് കിട്ടിയിട്ടുള്ളതു്. ആ മരുന്നു ഇവിടെ പ്രയോഗിച്ചു നോക്കുന്നകാര്യം ഗവൺമെണ്ടു് ആലോചിക്കുന്നുണ്ടു്.

ശ്രീ. കെ. കുട്ടപ്പൻ: ഈ പ്രവർത്തനങ്ങൾകൊണ്ടു് വല്ല പ്രയോജനവും ഉള്ളതായി അനുഭവപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ. ഉണ്ടെന്നാണു് ഗവൺമെണ്ടിന്റെ അറിവു്.

ശ്രീ. വക്കീസ് അഗസ്റ്റിൻ: അവിടെയുള്ള പായൽ മുഴുവനും വാരിക്കളഞ്ഞതായി ഗവൺമെണ്ടിനു വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പായൽ വാരിക്കളയുന്നുണ്ടു്. അതിലേക്കു അവിടെ ഒരു വലിയ സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ടു്.

ശ്രീ. വക്കീസ് അഗസ്റ്റിൻ: പലസ്ഥലങ്ങളിലും ധാരാളം പായൽ വാരിക്കളയാതെ കിടപ്പുണ്ടെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: എല്ലാം വാരിക്കളയുന്നതിനു് എടുപ്പാടു ചെയ്തിട്ടുണ്ടു്. എവിടെയെങ്കിലും വാരാതെകിടപ്പുണ്ടെങ്കിൽ അറിയിച്ചാൽ വേണ്ട നടപടികൾ നടത്താം.

അദ്ധ്യാപകന്മാരുടെ നിയമനം

*വ്യവ. 5. (നം. 9) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) 1-7-57 മുതൽ 31-3-60 വരെ നടത്തിയ അദ്ധ്യാപകന്മാരുടെ നിയമനങ്ങൾ എത്രയെന്നും, അതിൽ ട്രെയിനിംഗ് പാസ്സാകാത്തവർ എത്രയെന്നും പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly